A

8001

# സമഗ്ര ശിക്ഷാ, കേരളം

## രണ്ടാം പാദവാർഷിക മൂല്യനിർണയം 2019 – '20

## ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് - VIII

സമയം : 2 മണിക്കൂർ

ആകെ സ്കോർ : 45

---

**പൊതു നിർദ്ദേശങ്ങൾ**

- ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നി വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. എഴുത്തു പരീക്ഷക്കുള്ള 2 മണിക്കൂറിൽ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്സ്, റോൾനമ്പർ എന്നി വിവരങ്ങൾ രേഖപ്പെടുത്തണം.

---

## ആരോഗ്യ കായികവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്

ആകെ സ്കോർ : 15

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം.**

**(4 × 1 = 4)**

1. ഉയരത്തിൽ നിന്ന് ചാടുമ്പോൾ തറയിൽ പതിയ്ക്കുന്നതിന്റെ ആഘാതം കുറയ്ക്കുവാൻ സ്വീകരിക്കുന്ന മാർഗം.

   (a. റോളിങ് b. ലാന്റിങ് c. ലിഫ്റ്റിങ് d. ക്യാച്ചിങ്)

2. അപകടം മൂലം ബോധരഹിതനായ ഒരാൾക്ക് അടിയന്തിരമായി ലഭ്യമാകേണ്ട പ്രഥമ ശുശ്രൂഷയാണ്.

   (a. RICE b. സ്ലിങ് c. ABC d. സ്പ്ലിന്റ്)

3. സന്ധികളിൽ നിന്ന് അസ്ഥികൾ മാറി നിൽക്കുന്ന അവസ്ഥയെ..........എന്ന് പറയുന്നു.

   (a. ഫ്രാക്ചർ b. ഡിസ്‌ലൊക്കേഷൻ c. ചതവ് d. സൂര്യാഘാതം)

4. സൂര്യപ്രകാശത്തിലെ അൾട്രാവയലെറ്റ് കിരണങ്ങൾ ത്വക്കിലെ കോശങ്ങളെ നശിപ്പിക്കുന്ന അവസ്ഥയെ .........എന്ന് പറയുന്നു.

   (a. ഹൃദയാഘാതം b. ഫ്രാക്ചർ c. സൂര്യാഘാതം d. ചതവ്)

5. താരതമ്യേന ഭാരമുള്ള ഒരു വസ്തു ഉയർത്തുന്നതിനെ ........എന്ന് പറയുന്നു

   (a. ലിഫ്റ്റിങ് b. ലാന്റിങ് c. ക്യാച്ചിങ് d. റോളിങ്)

6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.
ഓരോന്നിനും 2 സ്കോർ വീതം **(4 × 2 = 8)**

6. അസ്ഥിഭംഗം തിരിച്ചറിയുന്നതെങ്ങനെ?
7. അപകടത്തിൽപ്പെട്ട് ബോധരഹിതനായ ഒരാൾ ശ്വസിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്ന നാല് രീതികൾ ഏവ?
8. സ്പ്ലിന്റ് എന്നാലെന്ത് ?
9. സൂര്യാഘാതം തടയുന്നതിനുള്ള മുൻകരുതലുകൾ എഴുതുക.
10. ഫുട്ബോൾ കളിയ്ക്കുന്നതിനിടയിൽ നിങ്ങളുടെ കൂട്ടുകാരന്റെ തോൾസന്ധിക്ക് ഡിസ്‌ലൊക്കേഷൻ സംഭവിച്ചു എങ്കിൽ നിങ്ങൾ നൽകുന്ന പ്രഥമശുശ്രൂഷകൾ എന്തെല്ലാം?

11, 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.
ശരിയുത്തരത്തിന് 3 സ്കോർ **(1 × 3 = 3)**

11. യോഗ പരിശീലനത്തിൽ ഏർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
12. എന്താണ് റോളിങ്? അവ ഏതെല്ലാം?

---

## കലാവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്
ആകെ സ്കോർ : 15

1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.
ഓരോന്നിനും ഒരു സ്കോർ വീതം **(4 × 1 = 4)**

1. വേഗത്തിൽ മുന്നോട്ട് നടന്നു പോകുന്ന ഒരാളെ വരയ്ക്കുമ്പോൾ, വലതുകാൽ മുമ്പേവരച്ചാൽ ഇടതുകാൽ വരയ്ക്കുന്നത് എങ്ങനെയായിരിക്കും?
   (a. മുന്നോട്ട് b. പിന്നോട്ട് c. മുകളിലേക്ക് d. താഴെയ്ക്ക്)
2. കൂട്ടത്തിൽപ്പെടാത്ത ഒരു മരം താഴെ കൊടുത്തിരിക്കുന്നവയിൽ ഉണ്ട്. അത് തെരഞ്ഞെടുക്കുക.
   (a. മാവ് b. തെങ്ങ് c. പ്ലാവ് d. പുളി)
3. നാടൻ കലാരൂപങ്ങളിൽ ഉപയോഗിക്കുന്ന സുഷിരവാദ്യമേതാണ്?
   (a. പുള്ളുവ വീണ b. ഉടുക്ക് c. ചീനിക്കുഴൽ d. തുടി)
4. സംഗീതകച്ചേരികളിൽ പ്രധാനവാദ്യങ്ങളെ പിന്തുടരുന്ന വാദ്യോപകരണങ്ങൾക്ക് പറയുന്ന പേര്?
   (a. പക്കവാദ്യങ്ങൾ b. തുകൽവാദ്യങ്ങൾ c. ഘനവാദ്യങ്ങൾ d. ഉപപക്കവാദ്യങ്ങൾ)
5. അഭിനയത്തിൽ ഏറ്റവും മുഖ്യമായ ധർമം നിർവഹിക്കുന്ന ശരീരഭാഗം ഏതാണ്?
   (a. മുഖം b. ചുവടുകൾ c. കൈകൾ d. കാലുകൾ)
6. നാടകത്തിന്റെ ലിഖിതപാഠമാണ്
   (a. കോസ്റ്റ്യൂം b. സ്ക്രിപ്റ്റ് c. ഡയറക്ഷൻ d. ലൈറ്റിങ്)

**7, 8 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക. ശരിയുത്തരത്തിന് 2 സ്കോർ.** **(1 × 2 = 2)**

7. മനുഷ്യശരീരത്തിൽ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന രണ്ട് ഭാഗങ്ങൾ എഴുതുക.

8. താഴെകൊടുത്തിട്ടുള്ള സംഭാഷണങ്ങളെ ക്രമപ്പെടുത്തുക.
   - യാചകൻ - ഭക്ഷണത്തിന് നല്ലരുചി
   - വീട്ടമ്മ - എന്താ വേണ്ടത്
   - യാചകൻ - നിങ്ങളുടെ നല്ല മനസ്സിന് നന്ദി
   - യാചകൻ - എനിക്ക് വിശക്കുന്നു

**9 മുതൽ 12 വരെ ചോദ്യങ്ങളിൽ നിന്ന് 2 ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(2 × 3 = 6)**

9. എല്ലാ മരങ്ങൾക്കും ഇലകളുണ്ട്. ഇലകളുടെ വളർച്ച നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ? തളിരില, പുഷ്ടിയുള്ള ഇല, പഴുത്ത ഇല, ഉണങ്ങിയ ഇല എന്നിങ്ങനെ. ഇവ വരയ്ക്കുകയാണെങ്കിൽ നിങ്ങൾ ഏതെല്ലാം നിറങ്ങൾ നൽകും?

   ഉദാ: തളിരില - ഇളംപച്ച.

10. നാടൻ കലാരൂപങ്ങളിൽ ഉപയോഗിക്കുന്ന ഏതെങ്കിലും 6 സംഗീതോപകരണങ്ങളുടെ പേരെഴുതുക.

11. ശൃംഗാരം, ഭയാനകം, രൗദ്രം ഇവ നവരസങ്ങളിൽ ചിലതാണ്. ബാക്കിയുള്ളവ പൂർത്തീകരിക്കുക.

12. ഒരു പ്രളയ ദുരിതാശ്വാസ ക്യാമ്പ് ദൃശ്യവൽക്കരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട മൂന്ന് കാര്യങ്ങൾ കുറിക്കുക.

**13, 14 ചോദ്യങ്ങളിൽ നിന്ന് ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. ശരിയുത്തരത്തിന് 3 സ്കോർ** **(1 × 3 = 3)**

13. വനനശീകരണത്തിനെതിരെ തയാറാക്കുന്ന പോസ്റ്ററിലേക്ക് ചേർക്കേണ്ട ഒരു ചിത്രത്തിന്റെ സ്കെച്ച് തയാറാക്കുക. പേന കൊണ്ടും വരയ്ക്കാം.

14. പക്കവാദ്യങ്ങളെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക.

## പ്രവൃത്തിപഠനം

സമയം : 40 മിനിറ്റ്

ആകെ സ്കോർ : 15

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം** **(3 x 1 = 3)**

1. താഴെക്കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ വൈദ്യുതിയുടെ സാന്നിദ്ധ്യം തിരിച്ചറിയാൻ ഉപയോഗിക്കുന്ന ഉപകരണത്തിന്റെ ചിത്രം ഏത് ?




2. തടി ഉരുപ്പടികൾ മിനുസപ്പെടുത്താൻ ഉപയോഗിക്കുന്ന പേപ്പർ

(a. ന്യൂസ് പേപ്പർ b. സാന്റ് പേപ്പർ c. A4 പേപ്പർ d. ക്രേപ്പ്പേപ്പർ)

3. ഫ്ളെക്സി ഫയൽ നിർമ്മാണത്തിന് സാധാരണയായി ഉപയോഗിക്കുന്നത്.

(a. ചാർട്ട്പേപ്പർ b. സ്ട്രോബോർഡ് c. കാർഡ്ബോർഡ് d. A4പേപ്പർ)

4. താഴെകൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ ഒറിഗാമി രൂപത്തിന്റെ അല്ലാത്തത് ഏത്?





**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം** **(4 × 2 = 8)**

5. പ്ലാസ്റ്റിക് കത്തിക്കുന്നതുമൂലം ഉണ്ടാകുന്ന ഏതെങ്കിലും രണ്ട് ദൂഷ്യഫലങ്ങൾ എഴുതുക?

6. കവുങ്ങിൻപാള കൊണ്ട് നിർമ്മിക്കാവുന്ന രണ്ട് ഉൽപ്പന്നങ്ങളുടെ പേരെഴുതുക.

7. കുടനിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ ഏവ?

8. മുളകൊണ്ട് നിർമ്മിക്കാവുന്ന ഉൽപ്പന്നങ്ങളുടെ പേരെഴുതിയ പദസൂര്യന്റെ ചിത്രം പൂർത്തിയാക്കുക.




9. തടികൊണ്ടുള്ള ഫർണിച്ചർ നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന ഏതെങ്കിലും നാല് ഉപകരണങ്ങളുടെ പേര് എഴുതുക?

**10, 11 ചോദ്യങ്ങളിൽ നിന്ന് ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. ശരിയുത്തരത്തിന് 4 സ്കോർ** **(1 × 4 = 4)**

10. ഷർട്ട്നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ വിവരിക്കുക.

11. ഭൂമിയിൽ അനുഭവപ്പെടുന്ന ഒരു ഗ്രഹണത്തിന്റെ രേഖാചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിന്റെ ഒരു മാതൃക പ്രവൃത്തിപഠനക്ലാസ്സിൽ ഉണ്ടാക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ഏവ? നിർമ്മാണരീതി വിവരിക്കുക.

